# ഏലിയാ-സ്ലീവ-മൂശക്കാലം ഒന്നാം ഞായർ

# സക്കേവൂസിന്റെ മാനസാന്തരം

## അഞ്ചു കാര്യങ്ങൾ

1. **ക്രിസ്തുവിനെ കാണാനാഗ്രഹിക്കുന്ന സക്കേവൂസ്**

അയാൾ ചുങ്കക്കാരനോ ഫരിസേയനോ ആരുതന്നെയാകട്ടെ, ക്രിസ്തുവിനെ കാണാനാഗ്രഹിച്ചു എന്നതുതന്നെയാണ് അയാളുടെ ഏറ്റവും വലിയ പ്ലസ് പോയിന്റ്. പലപ്പോഴും നമ്മുടെ ചുറ്റുമുള്ള പല മനുഷ്യരും ദൈവത്തിലേക്കും ആത്മീയതയി ലേക്കും അടുക്കാൻ ആഗ്രഹിക്കുമ്പോൾ പലപ്പോഴും അവരുടെ സ്ഥാനവും അവരുടെ കുടുംബമഹിമയുമൊക്കെ നോക്കി മനുഷ്യരെ വിലയിരുത്തുന്ന ഒരു പ്രവണത നമുക്കിട യിലുണ്ട് എന്നത് നിഷേധിക്കാനാവില്ല.

2. **സക്കേവൂസിന്റെ പൊക്കക്കുറവ്**

എന്തായിരുന്നു സക്കേവൂസിന്റെ പൊക്കക്കുറവ്? ജനക്കൂട്ടത്തിലായിരുന്നതിനാൽ ആയാൾക്ക് ഈശോയെ കാണാൻ കഴിഞ്ഞില്ല എന്നു വചനം പറയുന്നുണ്ട്. എന്താണ് ജനക്കൂട്ടം? ജനക്കൂട്ടം ഈ ലോകത്തിന്റെ പ്രതീകമാണ്. ജനക്കൂട്ടത്തിൽ നാനാജാതി മതസ്ഥരുണ്ട്. ജനക്കൂട്ടത്തിൽ നാനാജാതി സംസ്കാരമുള്ളവരുണ്ട്. നന്മയുള്ളവരും തിന്മയുള്ളവരും ഉണ്ട്. തീർച്ചയായും സക്കേവൂസ് ജനക്കൂട്ടത്തിലായിരുന്നുവെന്നത് പ്രതീകാത്മകതയായി നാം കാണണം. സമ്പത്തിന്റെയും സുഖത്തിന്റെയും ശരീരത്തി ന്റെയും ബന്ധങ്ങളുടെയുമൊക്കെ അടിമയായ, ലോകത്തിന്റെ നടുവിലായിരിക്കുന്ന മനു ഷ്യന് ക്രിസ്തുവിന്റെ മുഖം കാണാൻ സാധ്യമല്ല എന്നുള്ള പാഠമാണ് സക്കേവൂസിന്റെ

പൊക്കക്കുറവ് നമുക്ക് തരുന്നത്. ചുരുക്കിപ്പറഞ്ഞാൽ അയാൾ ലോകത്തിലായിരുന്നു. ലോകത്തിലായിരിക്കുന്നവന് ദൈവത്തിലേക്കടുക്കാൻ സാധിക്കില്ല എന്ന സത്യം നമ്മുടെ ആത്മീയ ജീവിതത്തിന്റെ പാഠമായിരിത്തീരട്ടേ.

### 3. മരക്കൊമ്പിൽ അഭയം തേടുന്ന സക്കേവൂസ്

സക്കേവൂസിന്റെ ആഗ്രഹം നല്ലതായിരുന്നു, ദൈവത്തിലേക്കടുക്കുക. പക്ഷേ അയാൾ തിരഞ്ഞെടുത്ത വഴി അയാൾക്കു മാറിപ്പോവുകയാണ്. നന്മയാഗ്രഹിച്ചിട്ടും അയാൾ തിരഞ്ഞെടുത്ത വഴി ക്രിസ്തു നടന്നിരുന്ന വഴിയിൽനിന്നും ദൂരെയായിപ്പോയി എന്നുള്ളതാണ്. പലപ്പോഴും നന്മയ്ക്കുവേണ്ടി നാം തിരഞ്ഞെടുക്കുന്ന പല വഴികളും നമ്മെ നന്മയിലേക്കെത്തിക്കുന്നില്ല എന്നു നാം തിരിച്ചറിയേണ്ടതുണ്ട്. ചിലപ്പോൾ ചില ബന്ധങ്ങളും ചില ജീവിതാവസ്ഥകളും ചില കാഴ്ച്ചപ്പാടുകളൊക്കെയും നമുക്കു നന്മയല്ല, തിന്മയാണ് വരുത്തിയത് എന്നു തിരിച്ചറിയുന്നിടത്ത് നാം തിരഞ്ഞെടുത്ത് മരക്കൊമ്പുകളിൽനിന്ന് താഴേയ്ക്കിറങ്ങാനുള്ള പ്രേരണ ക്രിസ്തു നമുക്ക് തരും. ക്രിസ്തു സക്കേവൂസിനോടു പറഞ്ഞതും അതുതന്നെയാണ്, നീ നിന്റെ പ്രിയപ്പെട്ടതെന്നു കരുതുന്ന മരക്കൊമ്പിൽനിന്നും താഴെ ഇറങ്ങുക.

### 4. സക്കേവൂസിന്റെ മുമ്പിൽ നിന്നുകൊടുക്കുന്ന ക്രിസ്തു

ചുറ്റുമുള്ള മനുഷ്യരൊക്കെ വിമർശിക്കുമ്പോഴും ചുങ്കക്കാരനായ, ആർക്കും അഭിപ്രായമില്ലാത്ത ഒരു മനുഷ്യന്റെ മുമ്പിലേക്ക് വന്നു നില്ക്കുന്ന ക്രിസ്തു. ചുറ്റുമുള്ള മനുഷ്യരുടെ വിമർശനങ്ങൾ അവഗണിച്ച് സക്കേവൂസിനുവേണ്ടി കാത്തുനില്ക്കുന്ന ക്രിസ്തു. ചില നേരങ്ങളിൽ ദൈവം തമ്പുരാൻ ചിലരെയൊക്കെ നേടാൻ വേണ്ടി വല്ലാതെയങ്ങ് ചെറുതാവാറുണ്ട്. പാവപ്പെട്ടവന്റെയും വേശ്യയുടെയും ചുങ്കക്കാരന്റെയുമൊക്കെ പക്ഷം ചേരുന്ന ക്രിസ്തു. പലപ്പോഴും നമ്മളും ആത്മീയമായും സാമൂഹ്യമായൊമൊക്കെ ഉന്നതിയിലെത്തിയത് ദൈവം തമ്പുരാൻ വല്ലാതകണ്ട് പക്ഷം ചേർന്നതുകൊണ്ടല്ലേ.

## 5. കണക്കു മാറിപ്പോകുന്ന കണക്കൻ

നാളുകളായി റോമാക്കാർക്കുവേണ്ടി ചുങ്കപ്പിരിവു നടത്തുന്ന സക്കേവൂസിന്റെ കണക്ക് ക്രിസ്തുവിന്റെ മുമ്പിൽവച്ച് തെറ്റുകയാണ്. ഒന്നിനു പകരം നാലായി തിരികെ കൊടുക്കാം എന്ന് ആലോചിച്ചപ്പോൾ അയാളുടെ ബുദ്ധിയും കണക്കുകൂട്ടലുകളും എവിടെപ്പോയി. ബാക്കി മൂന്ന് അയാൾ എവിടെപ്പോയി ഉണ്ടാക്കും? അതിനുത്തരം ഒന്നേ യുള്ളു, പൂർണ്ണമായും ദരിദ്രനായ ആ മനുഷ്യൻ ബാക്കി മൂന്ന് ഉണ്ടാക്കാൻ വേണ്ടി ഒന്നു കിൽ സ്വയം ആർക്കെങ്കിലും പണയപ്പെടുത്തി. അല്ലെങ്കിൽ ആരുടെയങ്കിലും അടിമ യായി തീരുകയാണ്. ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടാൻവേണ്ടി പലപ്പോഴും നമ്മുടെ പ്രിയപ്പെട്ടതെന്നു കരുതുന്നവ നാം വേണ്ടെന്നു വയ്ക്കേണ്ടിവരും. ഈ തീരുമാ നമാണ് സക്കേവൂസിനെ ക്രിസ്തുവിലേക്ക് എത്തിച്ചത്. സക്കേവൂസിനെപ്പോലെ ക്രിസ്തുവിനെ കാണാനുള്ള ആഗ്രഹവും ജനക്കൂട്ടത്തിൽനിന്ന് മാറി നില്ക്കാനുള്ള ധൈര്യവും സ്വന്തമെന്നു കരുതിയ മരക്കൊമ്പിൽനിന്ന് താഴെയിറങ്ങാനുള്ള മനസ്സും ധീരമായി ചില തീരുമാനങ്ങളും നമ്മെയും ക്രിസ്തുവിലേക്ക് അടുപ്പിക്കട്ടെ.

– ഫാ. അജോ രാമച്ചനാട്ട്